ANNUAL SUBCRIPTION Rs. 100



മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

"വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു......." (യൂദാ:3)



Vol No. XIII | Issue No. 10 | 4 Pages | PUBLISHED FROM AMAYANNOOR - KOTTAYAM | 8 OCTOBER 2017

## മോറാൻ മാർ ബസേലിയോസ് ക്ലീമ്മീസ് ബാവ ഇൻഡ്യയുടെയും കിഴക്കൊക്കെയുടെയും കാതോലിക്ക

– തദ്ദേവൂസ്

**ഭാ**രതത്തിൽ 2 കോടി 91 ലക്ഷത്തി 38 ആയിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് (29138323) ക്രിസ്ത്യാനികൾ ഉണ്ട്. ആകെയുള്ള ജനസംഖ്യയുടെ 2.3 ശതമാനം. ഇതിൽ രണ്ടു കോടിയോളം (19.9 മില്യൻ) കത്തോലിക്കാ വിശ്വാസികളാണ്. ലോക ജനസംഖ്യയിൽ 120 കോടി കത്തോലിക്കാ വിശ്വാസികളാണുള്ളത്. ഇവരെല്ലാവരും ക്ലീമ്മീസ് ബാവായെ ഇൻഡ്യയുടെയും കിഴക്ക് ഒക്കെയുടെയും കാതോലിക്കയായി അംഗീരിച്ചിരിക്കുന്നു. 2017-ലെ കണക്കനുസരിച്ച് കേരളത്തിൽ 63 ലക്ഷം ക്രിസ്ത്യാനികൾ ഉണ്ട്. ഇതിൽ കുറഞ്ഞത് 41 ലക്ഷവും കത്തോലിക്കരാണ്.

കേരള ക്രൈസ്തവ സഭകളിൽ ഏറ്റവും വലിയ സഭയാണ് കത്തോലിക്കാ സഭ.ഏതാണ്ട് 70 ശതമാനത്തോളം കത്തോലിക്കരാണ് കേരളത്തിൽ ഉള്ളത്. പ.മാർപാപ്പ ക്ലീമ്മീസ് ബാവായെ കാതോലിക്കയായി അധികാരപ്പെടുത്തിയതിന്റെ മാനം വളരെ വലുതാണ്. ഭാരതത്തിന്റെയും കിഴക്ക് ഒക്കെയുടെയും കാതോലിക്കാ ബാവ എന്നതാണ് അതിന്റെ പ്രസക്തി; തദ്വാരാ 120 കോടി കത്തോലിക്കാ വിശ്വാസികളുടെ അംഗീകാരമാണ് ക്ലീമ്മീസ് കാതോലിക്കാ ബാവായ്ക്ക് ലഭിച്ചിരിക്കുന്നത്. വത്തിക്കാന്റെ കീഴിൽ കിഴക്കിന് ഒരു കാതോലിക്ക എന്നുള്ളത് അടിവരയിട്ട് ചിന്തിക്കേണ്ട കാര്യമാണ്. 120 കോടി കത്തോലിക്കാ വിശ്വാസികളുടെയും ആത്മീയ പിതാവും കാതോലിക്കായുമാണ് ക്ലീമ്മീസ് ബാവാ. **ഈ സ്ഥാനാരോഹണത്തിനും അധികാരത്തിനും പൊളിറ്റിക്കൽ ഇമ്മ്യൂണിറ്റിയും ആത്മീയ പവിത്രതയും ഉണ്ട്.**

വത്തിക്കാൻ ലോകത്തിലെ ഏറ്റവും ചെറിയ രാജ്യമാണ്. യു.എൻ. അംഗത്വമുള്ള രാജ്യം. ഈ രാജ്യത്തിന്റെ ഭരണാധികാരിയും പ. മാർപാപ്പ തന്നെ. അമേരിക്കൻ പ്രസിഡന്റിനുള്ളതുപോലെയുള്ള എല്ലാ രാഷ്ട്രീയ അധികാരങ്ങൾ പ്രയോഗിക്കുവാനും, രാജ്യതന്ത്രപ്രതിനിധികളെയും ആത്മീയ മേലദ്ധ്യക്ഷന്മാരെയും നിയോഗിക്കുവാനു



*പൗരസ്ത്യ കാതോലിക്ക മോറാൻ മാർ ബസേലിയോസ് ക്ലീമ്മീസ് ബാവ*

മുള്ള നിയമപരവും ആത്മീയവുമായ പ്രത്യേക ഉത്തരവാദിത്വവും അദ്ദേഹത്തിൽ നിലനിൽക്കുന്നു. പ. മാർപാപ്പയ്ക്കും അദ്ദേഹം നിയോഗിക്കുന്നവർക്കും പൊളിറ്റിക്കൽ ഇമ്മ്യൂണിറ്റിയും ഉണ്ട്. കാതോലിക്ക എന്ന പദവി നൽകി ക്ലീമ്മീസ് ബാവായെ പ. മാർപാപ്പ അംഗീകരിക്കുക വഴി, ഇൻഡ്യയുടെയും കിഴക്കിന്റെ ഒക്കെയുടെയും കാതോലിക്കായായിട്ടാണ് സ്ഥാനാരോഹണം ചെയ്തിരിക്കുന്നത്. ആത്മീയ -രാഷ്ട്രീയ നിയമനമായ ഈ പദവിയെ ചോദ്യം ചെയ്യുവാനും ആർക്കും സാദ്ധ്യമല്ല. **8 ലക്ഷം പേർ മാത്രം അംഗീകരിക്കുന്ന മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കായുടെ പദവിയും 120 കോടി വിശ്വാസികൾ ഏകസ്വരത്തിൽ അംഗീകരിക്കുന്ന ക്ലീമ്മീസ് കാതോലിക്ക ബാവയുടെ പദവിയും തമ്മിൽ തുലനം ചെയ്യുന്നത് ഊഹിക്കാൻപോലും കഴിയുകയില്ല.**

പ. മാർപാപ്പ പരമാദ്ധ്യക്ഷനായ കത്തോലിക്കാ സഭയിൽ ധാരാളം കർദ്ദിനാൾമാരും മേജർ ആർച്ചുബിഷപ്പുമാരും പതിനായിരക്കണക്കിന് ആർച്ചുബിഷപ്പുമാരും ബിഷപ്പുമാരും ഉണ്ട്. പക്ഷേ **കാതോലിക്കാ ഒന്നു മാത്രം. അതാണ് ക്ലീമ്മീസ് കാതോലിക്കാ ബാവാ.** മലങ്കര സഭയിൽ മഹാപുരോഹിതന്മാരുടെ സ്ഥാനചിഹ്നങ്ങൾ ബിഷപ്പ്, എപ്പിസ്കോപ്പ, മെത്രാപ്പോലീത്ത, കാതോലിക്ക, പാത്രിയർക്കീസ് എന്നീ നിലകളിൽ വ്യക്തത വരുത്തുമ്പോൾ കത്തോലിക്കാ സഭയിൽ ബിഷപ്പ്, ആർച്ച് ബിഷപ്പ്, മേജർ ആർച്ച് ബിഷപ്പ്, കർദ്ദിനാൾ, മാർപാപ്പ എന്നീ നിലകളിലും അറിയപ്പെടുന്നു. കർദ്ദിനാൾ പദവിക്ക് തുല്യമാണ് മലങ്കരയിലെ കാതോലിക്കാ സ്ഥാനം. കർദ്ദിനാൾ ക്ലീമ്മീസ് പിതാവിന് കാതോലിക്കാ സ്ഥാനം കൂടി കൊടുക്കുമ്പോൾ അതിൽ ഒരു വലിയ ശ്രേഷ്ഠതയും മഹത്വവും അന്തർലീനമാണ്. പ.മാർപാപ്പയുടെ കീഴിൽ പൗരസ്ത്യ ദേശത്ത് ഒരു കാതോലിക്കേറ്റ് സ്ഥാപിച്ച് അതിന്റെ കാതോലിക്കയായി മോറാൻ മാർ ബസേലിയോസ് ക്ലീമ്മീസ് ബാവായെ നിയോഗിച്ചിരിക്കുന്നു എന്നതാണ് ഇതിന്റെ ശ്രേഷ്ഠത. 4 പ്രധാന പാത്രിയർക്കേറ്റിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന റോമിന്റെ നിയമനവുമാണിത്. അതിനാൽ ലോകം എല്ലാം അംഗീകരിക്കുന്ന കിഴക്കിന്റെ കാതോലിക്കയാണ് ബസേലിയോസ് ക്ലീമ്മീസ് ബാവാ. ഒരു ഇടയനും ഒരു തൊഴുത്തും എന്ന പ്രവചനം സാക്ഷാത്കരിക്കുവാൻ സമയം സമാഗതമായിരിക്കുന്നു.

## മലങ്കര സുറിയാനി ഓർത്തഡോക്സ് സഭ അതിന്റെ തനിമയിൽ സ്വതന്ത്രമാവട്ടെ!

– തദ്ദേവൂസ്

സമുദായ കേസുകൾ മൂന്ന് കഴിഞ്ഞു. കേസ് ആരംഭിച്ചിട്ട് 105 വർഷവും. ആറ് തലമുറകൾ കേസ് നടത്തി. ഇനിയും സഭാ കേസുകൾ താങ്ങുവാനും നീട്ടിക്കൊണ്ടുപോകുവാനും വിശ്വാസികൾക്ക് ആഗ്രഹമില്ല. സുവിശേഷീകരണത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി പാവപ്പെട്ട വിശ്വാസികൾ നേർച്ച നൽകുന്ന കോടിക്കണക്കിനു രൂപ കോടതികൾക്കും, കോഴയായും, വിലകൂടിയ വക്കീലന്മാർക്ക് കൊടുത്തും സഭയെ നശിപ്പിക്കരുത്. 2017-ലെ സുപ്രീംകോടതി വിധി ഏതാനും ചില പള്ളികളെ മാത്രം ബാധിക്കുന്നതാണ്. അത് പോകട്ടെ എന്നുകരുതുക.

1958-ലെ യോജിപ്പിന് എതിരുനിന്ന പി. റ്റി. തോമസ് പാലാമ്പടത്തിനെ അവഗണിച്ചതിന്റെ ഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അന്ന് ഏതാനും വലിയ പള്ളികൾ (കോലഞ്ചേരി, തൃക്കുന്നത്ത് സെമിനാരി തുടങ്ങിയവ) ബാവാ കക്ഷിയുടെ കൈയ്യിൽ ആയിരുന്നു. യോജിപ്പിനുവേണ്ടി സന്ധി ഉണ്ടാക്കിയതുമൂലം അതും ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. വക്രബുദ്ധിയുള്ള സമൂഹവുമായി സന്ധി ചെയ്യരുത്. 1970 നുശേഷം യാക്കോബായ വിശ്വാസികളുടെ രക്തവും വിയർപ്പും കൊടുത്തു പടുത്തുയർത്തിയ നൂറു കണക്കിന് ആരാധനാലയവും സ്ഥാപക ജംഗമവസ്തുക്കളും ഉണ്ട്. അത് വിട്ടുകൊടുത്ത് സഭയിൽ സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നത് യാക്കോബായ സഭയ്ക്ക് വീണ്ടും ഒരു മരണ ഇടിയായി അനുഭവത്തിൽ വന്നു ചേരും. ഓർത്തഡോക്സുകാരുടെ അടിമയായി ആട്ടും അവഹേളനവും ചവിട്ടിത്താക്കലും ഒരു നിത്യസംഭവമായി മാറും. അധികാരത്തിന്റെ അപ്പക്കഷണങ്ങൾ ലഭിക്കാൻവേണ്ടി യാക്കോബായ സഭയെ ഒറ്റിക്കൊടുക്കരുത്. സഭയെ ഒറ്റിക്കൊടുക്കുവാൻ ചില മെത്രാന്മാർ ശ്രമിക്കുന്നു എന്ന ആക്ഷേപവും കേൾക്കുന്നതിനാലാണ് ഇത് എഴുതുന്നത്. 1970-ൽ വട്ടപൂജ്യത്തിൽ നിന്നിരുന്ന യാക്കോബായ സഭയെ താങ്ങിനിർത്തി വളർത്തിയെടുത്ത ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി) തിരുമേനിയുടെയും തുടർന്നു ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവായുടെയും വിയർപ്പും സംഘടനാപാടവവും മൂലം ശക്തിപ്പെട്ട യാക്കോബായ സഭയ്ക്ക് കുറഞ്ഞത് 400-ൽ പരം പള്ളികളിൽ അണികൾ ഉണ്ട്. ഇപ്പോൾ ഉള്ളതിൽനിന്നുകൊണ്ട് സഹിച്ചും സഹകരിച്ചും സഹകരിപ്പിച്ചും, അഹങ്കാരവും ആർത്തിയുമൊക്കെ അകറ്റി കഴിയാവുന്നവരെ എല്ലാം അംഗീകരിച്ചും കൂടെ നിർത്തിയും സഭയെ ശക്തിപ്പെടുത്തുകയാണ് കരണീയമായിട്ടുള്ളത്. വിശ്വാസികളെ വേദനിപ്പിക്കാതെ ഇനിയുമുള്ള കാലം ദൈവസ്നേഹത്തിൽ ആത്മീയ - അത്മായ നേതൃത്വങ്ങൾ വർത്തിക്കട്ടെ! കേസും വഴക്കും തുലയട്ടെ!

### മഹാപുരോഹിത സന്ദേശം



## എന്റെ ദൈവമായ യഹോവ അന്ധകാരത്തെ പ്രകാശമാക്കും!

**ക**ർത്താവിൽ വാത്സല്യമുള്ളവരെ,

യഹോവ ദാവീദിനെ സകല ശത്രുക്കളുടെകൈയ്യിൽനിന്നും ശൗൽ രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിച്ച കാലത്ത് ദാവീദ് പാടിയ 18-ാം സങ്കീർത്തനത്തിന്റെ ഒരു വാക്യമാണിത്. "നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും." (സങ്കീ: 18:28-29).

നമ്മിൽ പലരും ചാടിക്കടക്കുന്ന വേലികളും മതിലുകളുമല്ല ദാവീദിന്റെ മുമ്പിൽ ഉണ്ടായിരുന്നത്. ഇന്നു നാം കാണിക്കുന്ന ചാട്ടവും കുതിപ്പുമല്ല ദാവീദിന്റെ മനസ്സിലൂടെ കടന്നുപോകുന്ന ചാട്ടം. യഹോവ എന്ന ദൈവത്തെ അറിയാൻ തുടങ്ങിയ കാലം മുതൽ യഹോവയുടെ നാമത്തിൽ ചെയ്ത അനേക വീര്യപ്രവൃത്തികളുടെ ഒരു ഘോഷയാത്ര ദാവീദിന്റെ അന്തരാത്മാവിലൂടെ കടന്നുപോകുന്നതിന്റെ ഒരു ചിത്രമാണ് ഇവിടെ പ്രകടമാകുന്നത്. ശതകോടി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് തന്റെ ജീവിതത്തിൽ രുചിച്ചറിഞ്ഞ ദൈവീക കൃപയുടെ സ്രോതസ് യഹോവയാണെന്നും യഹോവ കൂടെയുള്ളപ്പോൾ എത്ര വലിയ ബന്ധനങ്ങളെയും ചാടി കടന്ന് ശത്രുക്കളെ കീഴ്പ്പെടുത്തുവാൻ കഴിയുമെന്ന ആത്മവിശ്വാസത്തിന്റെ പാട്ടാണിത്. പ്രതിബന്ധങ്ങൾ ഓളങ്ങളായി അടിച്ചലറ്റുമ്പോൾ മനസ്സിൽ അന്ധകാരവും മുഖതേജസ്സ് നഷ്ടപ്പെടുന്ന അവസരങ്ങളിൽ തന്റെ ദീപത്തെ കത്തിച്ച് അന്ധകാരത്തെ പ്രകാശമാക്കുവാൻ യഹോവ കൂടെയുണ്ടെന്നുള്ള പൂർണ്ണ വിശ്വാസം, അല്ല പൂർണ്ണ അർപ്പണമാണ് നാം ഇവിടെ കാണുന്നത്. ഈ പൂർണ്ണ അർപ്പണത്തിന് ഒരു ആത്മീയ സൗന്ദര്യവും ഉണ്ട്.

അസാദ്ധ്യമായത് സാദ്ധ്യമാക്കുന്ന യഹോവ; എക്കാലവും യഹോവയെ മുറുകെ പിടിച്ചവനാണ് ദാവീദ്. മഹാ പാതകങ്ങളും തിന്മകളും ധാരാളം ചെയ്തു കൂട്ടിയിട്ടുണ്ടെങ്കിലും അനുതപിക്കുന്ന ഒരു നല്ല മനസ്സും എപ്പോഴും യഹോവയോടു നിലവിളിച്ചപേക്ഷിക്കുന്ന സ്വഭാവവും ദാവീദിന്റെ ജീവിതത്തിൽ അലിഞ്ഞു ചേർന്ന സവിശേഷതകളാണ്. യഹോവയോട് നിലവിളിച്ചാൽ അവന്റെ അന്ധകാരകാരത്തെ പ്രകാശമാക്കുമെന്നും ജീവിതം ശോഭനമായി മാറ്റുമെന്നുള്ള ദാവീദിന്റെ അർപ്പണം അനുകരണിയമാണ്. മല്ലനായ ഗോലാത്തിനെ യഹോവയുടെ നാമത്തിൽ നേരിട്ടു വിജയിച്ചത് ദാവീദ് ഓർക്കുന്നുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ ആത്മാവിൽ നിറഞ്ഞുനിന്നും യഹോവയുടെ നന്മയെ വർണ്ണിക്കുന്നത് എത്ര ഭാഗ്യകരമായ അവസ്ഥയാണ്.

ഒരിക്കൽപ്പോലും ദാവീദ് യഹോവയെ തള്ളി പറഞ്ഞില്ല. സങ്കടങ്ങളും പ്രയാസങ്ങളും യഹോവയോടു നിലവിളിച്ചു പറഞ്ഞു ചേർന്നു നിൽക്കുകയാണ് ചെയ്തിട്ടുള്ളത്. ദാവീദിനെപ്പോലെ നമ്മൾക്കും യഹോവയോടു ചേർന്ന് നിൽക്കാം. അവൻ നമ്മുടെ അന്ധകാരത്തെ പ്രകാരപൂർണ്ണമാക്കും.

**കർത്താവിൽ നിങ്ങളുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

തദ്ദേവൂസ്

Vol : 13 Issue No. 10 8 OCTOBER 2017

എഡിറ്റോറിയൽ

# സ്ഥാനഭ്രഷ്ടനായ ഒരു മഹാപുരോഹിതന് പൗരോഹിത്യം നൽകുവാൻ കഴിയുമോ?

സാധാരണ മനസ്സുകളിൽ നിന്നുയർന്നുവരുന്ന ഒരു പ്രധാന ചോദ്യമാണിത്. ഈ ചോദ്യത്തിന് വളരെ പ്രസക്തിയും ഉണ്ട്. എന്നാൽ ഇതിനുത്തരം വളരെ ലളിതവും വ്യക്തവുമാണ്. മഹാപുരോഹിതൻ അധികാരം ഒഴിഞ്ഞാലും ഇല്ലെങ്കിലും പൗരോഹിത്യത്തിനു റിട്ടയർമെന്റ് ഇല്ല. മഹാപുരോഹിതൻ എന്നും മഹാപുരോഹിതൻ തന്നെയാണ്. അധികാരവും പൗരോഹിത്യവും രണ്ടും രണ്ടാണ്. സ്ഥാനത്യാഗം അഥവാ സ്ഥാനഭ്രഷ്ടനായ ഒരു മഹാപുരോഹിതന് പൗരോഹിത്യം നൽകാം. പക്ഷേ അധികാരപത്രം നൽകാൻ അർഹതയില്ല. അദ്ദേഹത്തിന് അർഹപ്പെട്ടതു വല്ലതുമുണ്ടെങ്കിൽ അതിന്റെ അധികാരത്തിൽ ഇരുത്തുവാനും അവകാശം ഉണ്ട്.

സ്ഥാനഭ്രഷ്ടനായ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദേദ് മശിഹായാണ് 1912-ൽ മെത്രാൻ വിഭാഗത്തിന് മഫ്രിയാനയെ (കാതോലിക്കോസ്) വാഴിച്ചത്. അന്ന് പ. അബ്ദുള്ള പാത്രിയർക്കീസ് ബാവായായിരുന്നു അധികാരത്തിൽ ഉണ്ടായിരുന്നത്. ഇദ്ദേഹമാണ് വട്ടശ്ശേരിൽ തിരുമേനിയെ 1908 മെയ് 31-ന് മെത്രാപ്പോലീത്തായായി വാഴിച്ചതും, 1911 ജൂൺ 8 ന് സഭയിൽനിന്നും മുടക്കിയതും. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനെ മറികടക്കാനാണ് കാതോലിക്കായെ വാഴിച്ചത്. ഈ വാഴിക്കലിന് ന്യൂനത ഒന്നും ഇല്ലെങ്കിൽപോലും കാതോലിക്ക എന്ന അധികാരപത്രം എഴുതുവാൻ അബ്ദേദ് മശിഹാ പാത്രിയർക്കീസിന് അധികാരം ഉണ്ടോ എന്ന് വ്യക്തമാക്കണം. യഥാർത്ഥ പാത്രിയർക്കീസ് അധികാരത്തിലിരിക്കുമ്പോഴാണ് അധികാരം നഷ്ടപ്പെട്ട അബ്ദേദ് മശിഹായെ കൊണ്ടുവന്ന് കാതോലിക്കായെ വാഴിച്ചത്. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു മാറ്റിയിരുന്നെങ്കിൽ മലങ്കരയിൽ 1912 -ൽ കാതോലിക്കാ വാഴ്ചയും നടക്കുമായിരുന്നില്ല. ഇതിന്റെ അർത്ഥം മുടക്കും, സ്ഥാനഭ്രഷ്ടനാക്കി എന്നൊക്കെ പറഞ്ഞു നടക്കുന്നത് വെറും തട്ടിപ്പും ജനങ്ങളെ കബളിപ്പിക്കുന്നതുമാണ്. അബ്ദേദ് മശിഹായ്ക്ക് അധികാരം ഉണ്ടായിരുന്നുവെങ്കിൽ വട്ടശ്ശേരി തിരുമേനിയുടെ മുടക്കു കൂടി മാറ്റാമായിരുന്നല്ലോ. അതിനു കഴിയാത്തിടത്തോളംകാലം അധികാരപ്പെടുത്തലിന് യാതൊരു നിയമ സാധുതയും ഇല്ല. പാവം വട്ടശ്ശേരിൽ തിരുമേനി മുടക്ക് എന്ന ചങ്ങലയും ധരിച്ച് ആ കെട്ട് അഴിപ്പിക്കാൻ ആലുവായിൽ ചെന്ന് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ (മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്നു) കാൽക്കൽ വീണതും അദ്ദേഹം അവഗണിച്ചതും ചരിത്രസത്യങ്ങൾ ആണല്ലോ!

സ്ഥാനത്തുനിന്നോ അധികാരത്തിൽനിന്നോ ഭ്രഷ്ട് കല്പിച്ചാലും പൗരോഹിത്യത്തിന് യാതൊരു ന്യൂനതയും ഇല്ലെന്ന് 1912-ൽ കാതോലിക്കായെ വാഴിച്ചതോടെ വ്യക്തമാക്കിയിരിക്കുന്നു. എല്ലാം നഷ്ടപ്പെട്ട അബ്ദേദ് മശിഹായെ ഇന്നും നാം പാത്രിയർക്കീസായി അംഗീകരിക്കുന്നതും വട്ടശ്ശേരിൽ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തയായി അംഗീകരിക്കുന്നതും അതുകൊണ്ടു മാത്രമാണ്. സ്ഥാനത്യാഗം ചെയ്ത ദിദിമോസ് ബാവായാണ് ഇപ്പോഴത്തെ ബാവായുടെ തലയിൽ കൈവച്ചത്. അധികാരം നഷ്ടപ്പെട്ടു എന്ന് കരുതി ആർക്കും ആരെയും ഒഴിച്ചുനിർത്താൻ കഴിയുന്നതല്ല. അങ്ങനെയുള്ളവർക്കും പുരോഹിതന്മാരെയും മഹാപുരോഹിതന്മാരെയും വാഴിക്കാൻ അർഹതയുണ്ട്. കാരണം പൗരോഹിത്യം ദൈവീകമാണ്. സ്വതന്ത്രരായ കാതോലിക്കായ്ക്കും അധികാരപത്രം ലഭിച്ച മെത്രാനും ആരുടെയും അനുവാദം ഇല്ലാതെ തുല്യ സ്ഥാനികളെ വാഴിക്കാം. മോസസ് മോർ സേവേറിയോസിനെ (ഗുർഖാൻ) മെത്രാനായി വാഴിച്ചത് മാർ മിലിത്തിയോസും മാർ അത്തനാസിയോസും ചേർന്നായിരുന്നുവല്ലോ. ഇതിന്റെ പ്രസക്തി മനസ്സിലാക്കിയാണല്ലോ പ. ദിദിമോസ് ബാവാ ഗുർഖാൻ തിരുമേനിയെ മേജർ ആർച്ചുബിഷപ്പായി അംഗീകരിച്ചതും ജർമ്മൻ സഭയുടെ അദ്ധ്യക്ഷനാക്കി അവരോധിച്ചതും.

മോസസ് മോർ സേവേറിയോസ് (ഗുർഖാൻ) നാല് മെത്രാന്മാരെ വാഴിച്ചു. മോർ കാസിയാനോസ്, മോർ ബർത്തലമാവോസ്, മോർ തീമോത്തിയോസ് , മോർ ഗ്രിഗോറിയോസ് എന്നിവരാണ് ഈ നാലുപേർ കാസിയാനോസിനെ പാത്രിയർക്കീസ് ബാവാ സ്വീകരിച്ച് അന്ത്യോഖ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ചുബിഷപ്പായി അമേരിക്കയിൽ നിയമിച്ചിരിക്കുന്നു. സഭയുടെ പൗരോഹിത്യ പാരമ്പര്യവും അതെല്ലാം എങ്ങനെ നടത്തിയെടുത്തുവെന്നും വളരെ വ്യക്തമായി പല ആവർത്തി തദ്ദേവൂസ് എഴുതിയിട്ടുള്ളതിനാൽ ആവർത്തന വിരസത ഒഴിവാക്കുന്നു.

എ.ഡി. 325-ൽ കുസ്തന്തിനോസ് ചക്രവർത്തി നിഖ്യായിൽ വിളിച്ചുകൂട്ടിയ സഭയുടെ പ്രഥമ സാർവ്വത്രിക സുന്നഹദോസിൽ അറിയോസിനെയും അദ്ദേഹത്തെ അനുകൂലിച്ച ബിഷപ്പുമാരെയും വേദവിപരീതം എന്ന വജ്രായുധം ചാർത്തി സഭയിൽനിന്നും മുടക്കിയെന്നാണ് നമ്മുടെ സഭാ ചരിത്രം. പക്ഷേ ആ മുടക്കിന് എന്തായിരുന്നു പ്രസക്തി? അറിയോസിന്റെ സഭ വളരെ വേഗം വളർന്നു. അക്രൈസ്തവനായിരുന്ന കുസ്തന്തിനോസ് രാജാവിനെ സ്നാനപ്പെടുത്തി ക്രിസ്ത്യാനി ആക്കിയതും വേദവിപരീതി എന്നു വിളിച്ചിരുന്ന അറിയോസിന്റെ ബിഷപ്പായിരുന്നു എന്നത് വിരോധാഭാസമല്ലേ? കുസ്തന്തിനോസ് രാജാവ് അറിയോസിന്റെ സഭാ പക്ഷക്കാരനും ആയി. ഇത് ചരിത്രമാണ്. മുടക്കും ഒടക്കും ഒക്കെ അധികാരത്തിന്റെയും സമ്പത്തിന്റെയും പിൻബലത്തിൽമാത്രം നിലനിൽക്കുന്നതാണ്. അധികാരം മാറുമ്പോൾ വിശ്വാസവും മാറുന്നു. മലങ്കര നസ്രാണികളുടെ ചരിത്രം പഠിച്ചാലും സഭാചരിത്രം പഠിച്ചാലും ഇത് വ്യക്തമാകും.

നിങ്ങൾക്ക് അറിയാമോ! മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാം സമുദായ കേസിനുമാത്രം (1995-2017) കുറഞ്ഞത് 300 കോടി രൂപ ഓർത്തഡോക്സ് വിഭാഗം ചെലവാക്കിയെന്നു പറയുന്നു. ഒരു കോടി രൂപാവീതം ചെലവു വരുന്ന മനോഹരമായ 300 പള്ളികൾ വയ്ക്കാമായിരുന്നു. 10 ലക്ഷം രൂപ മുടക്കി ചെറിയ 3000 ചാപ്പലുകൾ സ്ഥാപിച്ച് സമാധാനമായി ആരാധിക്കാമായിരുന്നില്ലേ? കേസിൽ ഓർത്തഡോക്സ് വിഭാഗം ജയിച്ചു. അതുകൊണ്ട് എന്തുനേടിയെന്ന് വരും കാലം വ്യക്തമാക്കും! മലങ്കര സഭയിൽ ഇനിയും എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്ന് കാത്തിരുന്ന് കാണാം. 2017 വരെ രണ്ട് ഗ്രൂപ്പുകൾ മാത്രമുണ്ടായിരുന്ന മലങ്കര ഓർത്തഡോക്സ് സഭയിൽ ഇപ്പോൾ കുറഞ്ഞത് 5-6 ഗ്രൂപ്പുകൾ ആയി എന്നതാണ് 2017-ലെ വിധിയുടെ പ്രസക്തിയെന്ന് സഭയുടെ ഒരു വക്താവ് പറയുന്നു.

# പ്രാർത്ഥിക്കുക; ദയവുചെയ്ത് പ്രാർത്ഥിക്കുക

## – ദുർഘടമായ സൂചന

– തദ്ദേവൂസ്

നിങ്ങൾക്കറിയാമോ ന്യൂ ഇന്റർ നാഷണൽ ബൈബിൾ (NIV) സോൺഡർവാൻ (Zondervan) ആണ് പ്രസിദ്ധപ്പെടുത്തിയത്. ഇന്ന് അത് ഹാർപ്പർ കോളിൻസ് (Harper Collins) സ്വന്തമാക്കിയിരിക്കുന്നു. ഓർക്കുക ഈ പൈശാചിക മനുഷ്യനാണ് സാത്താൻ ബൈബിൾ (Satanic Bible) മാത്രമല്ല; ദി ജോയ് ഓഫ് ഗെ സെക്സ് (The Joy of Gay Sex) എന്ന ബൈബിളും പ്രസിദ്ധപ്പെടുത്തിയത്. യഹോവ, കാൽവറി, പരിശുദ്ധാത്മാവ്, സർവ്വശക്തൻ തുടങ്ങി 64575 വാക്കുകൾ NIV യിൽനിന്നും ഇംഗ്ലീഷ് സ്റ്റാൻഡേർഡ് പരിഭാഷ (English Standard Version) ESV യിൽനിന്നും മാറ്റിയിരിക്കുന്നു. കൂടാതെ ഈ ബൈബിളിന്റെ രണ്ടു പരിഭാഷയിൽ വേദപുസ്തകങ്ങളിലെ കുറഞ്ഞത് 45 വാക്യങ്ങൾ പൂർണ്ണമായി മാറ്റിയിരിക്കുന്നു. വി. മത്തായിയുടെ സുവിശേഷത്തിലെ 17:21, 18:11, 23:14, വി.മർക്കോസിന്റെ സുവിശേഷത്തിൽ 7:16, 9:44, 9:46, ലൂക്കോസിന്റെ സുവിശേഷത്തിൽ 17:36, 23:17, വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് 5:4, അപ്പോസ്തല പ്രവൃത്തിയിൽനിന്ന് 8:37 തുടങ്ങിയ വാക്യങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന വേദപുസ്തകങ്ങളിൽ ഇല്ല.

ഇത് ശ്രദ്ധിക്കുമ്പോൾ കണ്ണുകൾക്ക് അവിശ്വസനീയമായി അനുഭവപ്പെടും. സാത്താൻ നിങ്ങളുടെ കണ്ണ് കുരുട് ആക്കാതിരിക്കുവാൻ ശ്രദ്ധിക്കുക. യേശുവിന്റെ വാക്ക് ശ്രദ്ധിക്കുക. "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല" (യോഹ: 10:10). അതിനാൽ കഴിവതും NIV, ESV തുടങ്ങിയ ബൈബിളിന്റെ പരിഭാഷ മൊബൈലിലോ കമ്പ്യൂട്ടറിലോ അപ്ഡേറ്റ് ചെയ്യാതിരിക്കുക; വേണമെന്നുണ്ടെങ്കിൽ അതിന്റെ ആദ്യ പരിഭാഷ സ്റ്റോർ ചെയ്യുക.

ബൈബിൾ വ്യത്യാസപ്പെടുത്തുവാൻ ഒരു കുരിശുയുദ്ധമാണ് ഇപ്പോൾ നടക്കുന്നത്. NIV, ESV തുടങ്ങി ധാരാളം പരിഭാഷകളിൽ സാത്താൻ സ്വാധീനം ചെലുത്തിക്കഴിഞ്ഞു. അതിനാൽ കർത്താവ് വരുവാൻ ഒട്ടും താമസമില്ല. Rapture will take place at any time from now. കർത്താവിന്റെ വരവിന്റെ എല്ലാ പ്രതിബന്ധങ്ങളും മാറിയിരിക്കുന്നു. സുവിശേഷം മിക്ക എല്ലായിടത്തും എത്തിയിരിക്കുന്നു. എല്ലാ പ്രവചനങ്ങളും നിവൃത്തിയായിരിക്കുന്നു. സാത്താൻ തന്റെ സർവ്വശക്തിയും ഉപയോഗിച്ച് ആഞ്ഞടിക്കുന്നു. ക്രിസ്ത്യാനികളെ ഈ ലോക വസ്തുക്കളാക്കാൻ അവൻ ആഞ്ഞ് പ്രവർത്തിക്കുന്നു. അതിനാൽ ആ ദിവസം അവർ അറിയാതെ കടന്നുപോകും. ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലയാകുവാൻ നമ്മെ വിട്ടുകൊടുക്കരുത്. അതിനാൽ ജാഗ്രതയോടെ ഉണർന്നിരിപ്പിൻ, അതിനു വേണ്ടി നമ്മെ ഒരുക്കുക. ഇനിയും അധികനാളുകൾ ഇല്ലെന്നു അറിയുക.

നമുക്ക് ശക്തമായി പ്രാർത്ഥിക്കാം. 666 മൃഗത്തിന്റെ മാർക്ക് എന്ന പ്രവചനവും അവസാനമായി നിവൃത്തിയായിരിക്കുന്നു. ജോനാഥൻ അനോബിൻ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. യു.എസ്. സുപ്രീംകോർട്ട് പറഞ്ഞിരിക്കുന്നത് സ്റ്റേറ്റ്, ഹോമോ സെക്സ് (Same Sex) നിർബന്ധമായും അംഗീകരിക്കണമെന്നാണ്. ഇതിനെയാണ് സോദോമ്യ പാപം എന്ന് വി. വേദപുസ്തകം വെളിപ്പെടുത്തുന്നതും, അതേ കാരണത്താൽ ആണ് സോദോം, ഗോമോറ പ്രദേശങ്ങൾ യഹോവ അഗ്നിക്കിരയാക്കിയതും. കൂടാതെ ഒബാമ ഹെൽത്ത് ബില്ലും യു.എസ്. സെനറ്റ് പാസ്സാക്കി. അതിന്റെ ഇംപ്ലിമെന്റേഷൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ ബില്ല് പ്രകാരം എല്ലാ അമേരിക്കൻ പൗരന്മാരും റേഡിയോ ഫ്രീക്കൻസി ഐഡന്റിഫിക്കേഷൻ (REID) എന്ന ഒരു ചിപ്പ് (Chip) നെറ്റിയിലോ കൈപ്പത്തിയിലോ ഘടിപ്പിക്കണം. എങ്കിൽ മാത്രമേ അമേരിക്കയുടെ ഏറ്റവും പ്രധാനപ്പെട്ട ഇംപ്ലാന്റ് മെഡിക്കൽ കെയർ ഉപയോഗിക്കുവാനുള്ള വഴി തുറന്നു, കിട്ടുകയുള്ളൂ. വെളിപ്പാടു പുസ്തകം 13:15-18 വരെയുള്ള മൃഗത്തിന്റെ മുദ്ര എന്ന പ്രവചനത്തിന്റെ പൂർത്തീകരണമാണിത്.

Are you still doubting the END TIME? ലോകാവസാനം വാതിൽക്കൽ എന്നുള്ളതിൽ നിങ്ങൾക്ക് ഇനിയും സംശയം ഉണ്ടോ? നിങ്ങൾക്കറിയാമോ? ഒബാമയ്ക്കുവേണ്ടി ഉണ്ടാക്കിയ ഒരു സ്പെഷ്യൽ കാർ അറിയപ്പെടുന്നത് BEAST എന്ന പേരിലാണെന്ന് പറയുന്നു. അതിനാൽ തയ്യാറാവുക; The Rapture is near.

വെളിപ്പാട് 13 ൽ പറഞ്ഞിരിക്കുന്ന വസ്തുക്കൾ ഇപ്പോൾ നമ്മുടെ മുമ്പിൽ കിടന്നു തകർക്കുകയാണ്. ധാരാളം ആളുകൾക്ക് ഇപ്പോഴും ഒരു ബോധവും ഇല്ല. വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, എന്തുകൊണ്ടാണ് ഈ ചിപ്പ് ഘടിപ്പിക്കുന്നത്? എന്തുകൊണ്ട് നെറ്റിയിലും കൈയ്യിലും വെച്ചുപിടിപ്പിക്കുന്നു? എന്തുകൊണ്ട് മറ്റ് ഭാഗങ്ങളിൽ വെക്കുന്നില്ല? എന്തുകൊണ്ട് ഇത് നിങ്ങളുടെ ബാങ്ക് അക്കൗണ്ടുമായി കണക്ട് ചെയ്യുന്നു?

വി. ബൈബിൾ പറയുന്നത് ഓർക്കുക: നിങ്ങൾക്ക് ഒരു സാധനവും വാങ്ങുവാനോ വിൽക്കുവാനോ കഴിയണമെങ്കിൽ 666 എന്ന മുദ്ര ഉണ്ടായിരിക്കണം. ചിന്തിക്കുക, അടുത്തത് എന്താണ്? ഈ ചിപ്പ് നിങ്ങളുടെ സാമ്പത്തിക വിവരങ്ങളുമായി കണക്ട് ചെയ്തിരിക്കുന്നു. നിങ്ങളുടെ ഓരോ ചലനങ്ങളും അറിയാൻ കഴിയുന്നു. കർത്താവിന്റെ വരവ് അടുത്തെത്തിയിരിക്കുന്നു എന്നു ഇതിന്റെ മുന്നറിയിപ്പാണിത്. He is coming very soon. നിങ്ങൾക്ക് സ്വർഗ്ഗം നഷ്ടപ്പെട്ടാൽ ഒരിക്കലും നരകം നഷ്ടമാകുകയില്ല. If you miss heaven, you can never miss hell.

യേശുക്രിസ്തു പൗരോഹിത്യം നൽകിയെങ്കിൽ ആരുടെയും തലയിൽ കൈവച്ചിട്ടല്ലായിരുന്നു. യേശുക്രിസ്തു തലയിൽ കൈവച്ച് പൗരോഹിത്യം നൽകിയതായി ഒരു തെളിവും വേദപുസ്തകത്തിൽ ഇല്ല. ശിഷ്യന്മാർ മത്തിയാസിന്റെ തലയിൽ കൈവെച്ചതായും കാണുന്നില്ല. 7 ശെമ്മാശന്മാരെ തെരഞ്ഞെടുത്തപ്പോൾ 'അവരുടെ മേൽ' കൈവെച്ചു എന്നു കാണുന്നു (പ്രവൃത്തി: 6:6). പൗലോസിന്റെ 'മേൽ' കൈവെച്ചത് അനന്യാസായിരുന്നു (പ്രവൃത്തി: 9:17). അദ്ദേഹം അപ്പസ്തോലനും ആയിരുന്നില്ല. പൗലോസിനു മറ്റാരും (മറ്റ് അപ്പസ്തോലന്മാർ) പിന്നീട് വൈപ്പ് കൊടുക്കുന്നില്ല. കർത്താവിന്റെ ശിഷ്യന്മാരെ സിംഹാസനത്തിൽ ഇരുത്തി വിശ്വാസികൾ ആരും ഓക്സിയോസും വിളിച്ചില്ല. അവർ ചെന്നെത്തിയ സ്ഥലങ്ങളിൽ എല്ലാം മൂപ്പന്മാരെ അഥവാ എപ്പിസ്കോപ്പമാരെ അധികാരപ്പെടുത്തിയിരുന്നു. പരസ്പരം ആരും അതിനെ ചോദ്യം ചെയ്തിരുന്നില്ല. യാക്കോബ് ബുർദ്ദാനായുടെ ജീവിതചരിത്രം വായിക്കുവാൻ കഴിയുന്നവർ വായിച്ചാലും. അതാണ് നമ്മുടെ സഭയുടെ യഥാർത്ഥ വിശ്വാസവും പാരമ്പര്യവും. ഇന്ന് കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്ക് യാതൊരു പ്രസക്തിയും ഉണ്ടെന്നു തോന്നുന്നില്ല.

തോമാശ്ലീഹാ ഭാരതത്തിൽ മൂപ്പന്മാരെയും പുരോഹിതന്മാരെയും നിയമിച്ചാക്കിയിട്ടുണ്ടെങ്കിൽ അദ്ദേഹം മാത്രമായിരുന്നു അത് ചെയ്തത്. പട്ടത്വത്തിന് (കൈവെപ്പിന്) ശക്തികൂട്ടാൻ വേറൊരുത്തന്റെയും സഹായഹസ്തം ആവശ്യമില്ല. പരിശുദ്ധാത്മാവിന്റെ ശക്തിയും ആവാസവും മാത്രം മതി. പക്ഷേ അത് വേണം. ഇന്ന് നിലവിലുള്ള മലങ്കര സഭാചരിത്രം സൂക്ഷ്മമായി പഠിച്ചാൽ പ്രത്യേകിച്ചും 1665 മുതലുള്ളത്, ചൂണ്ടിക്കാണിക്കുന്നത് ഒരു ബിഷപ്പാണ് അടുത്ത ബിഷപ്പിന് കൈവെപ്പു നൽകുന്നതെന്നാണ്. അതിനാൽ സാധുതയുള്ള കൈവെപ്പു ലഭിച്ച ഒരു മെത്രാന് ബിഷപ്പുമാരെ വാഴിക്കാനും അവരെ മെത്രാൻ, എപ്പിസ്കോപ്പ എന്നീ പദവികളിൽ അധികാരപ്പെടുത്തുവാനുമുള്ള സർവ്വ അധികാരവും ഉണ്ട്. It is Biblically true, historically correct and traditionally acceptable. ഈ തിരിച്ചറിവ് നമ്മൾക്ക് ഉണ്ടാവണം. വലിപ്പം കാണിക്കാതെ എളിമപ്പെട്ട് ക്രിസ്തുയേശുവിന്റെ മനോഭാവത്തിൽ ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയാണ് കരണീയമായിട്ടുള്ളത്.

മാത്യൂസ് മാർ ഗ്രിഗോറിയോസ്

# ക്രിസ്തുവിന്റെ അത്ഭുതശക്തി

– ദാനിയേൽ പന്തളം

വിവിധ സന്ദർഭങ്ങളിൽ ക്രിസ്തുവിന്റെ വിവിധങ്ങളായ അധികാരങ്ങൾ നാം കാണുന്നു.

1. **ദൈവം രക്ഷകനാണ്. രക്ഷിപ്പാൻ അവൻ ശക്തനാണ്. യെശ: 63:1.** ഏദോമിൽനിന്ന് രക്താംബരം ധരിച്ചുകൊണ്ട് വരുന്നൊരിവൻ ആർ? …. നീതിയെ അരുളിച്ചെയ്യുന്നവനും 'രക്ഷിപ്പാൻ വല്ലഭനും' ആയ ഞാൻ തന്നെ. രക്ഷകൻ വേറെ ഇല്ല.

2. **പാപമോചനത്തിനുള്ള അധികാരം. മത്താ. 9:6.** "ഭൂമിയിൽ പാപങ്ങളെ മോചിപ്പിക്കുവാൻ മനുഷ്യപുത്രന് അധികാരം ഉണ്ടെന്ന് തെളിയിക്കുവാൻ പക്ഷവാതക്കാരൻ കിടക്ക എടുത്ത് നടന്നുപോകുന്നു ക്രിസ്തുവിന്റെ പാപമോചനാധികാരത്തെ യഹൂദന്മാർ ചോദ്യം ചെയ്തിരുന്നു.

3. **മത്താ. 28: 18. ക്രിസ്തു അപ്രമേയനാണ്.** സകലത്തിന്മേലും അധികാരമുള്ള സർവ്വശക്തനാണ്. യേശു അരുളിചെയ്തു. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു."

4. **പ്രകൃതിയുടെ മേൽ അവന് അധികാരമുണ്ട്. ലൂക്കോ: 8: 25.** യേശു കാറ്റിനെയും കടലിനെയും ശാസിച്ച് ശാന്തമാക്കി. ശിഷ്യന്മാർ അതിശയിച്ചു. "അവൻ കാറ്റിനോടും വെള്ളത്തിനോടും കല്പിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നുവല്ലോ" എന്ന് പറഞ്ഞു. പ്രകൃതിയെ നിർമ്മിച്ചവന് അതിനെ നിയന്ത്രിക്കുവാനും കഴിയും.

5. **ക്രിസ്തു ജീവന്റെ മേലും അധികാരമുള്ളവനാണ്. യോഹ: 10:18.** "ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുക്കുവാൻ എനിക്ക് അധികാരമുണ്ട്." ഈ കല്പന എന്റെ പിതാവിൽനിന്ന് എനിക്ക് ലഭിച്ചിരിക്കുന്നു.

6. **ജീവൻ നൽകുവാനുള്ള അധികാരവും ക്രിസ്തുവിന് ഉണ്ട്. യോഹ: 17:2.** യേശു പ്രാർത്ഥിക്കുന്നു. "നീ നൽകിയിട്ടുള്ളവർക്കെല്ലാം നിത്യജീവൻ കൊടുക്കേണ്ടതിനും നീ സകല ജഢത്തിന്മേലും അധികാരും നൽകിയിരിക്കുന്നുവല്ലോ." ഏകസത്യദൈവമായ യേശുക്രിസ്തുവിനെ അറിയുന്നതുതന്നെ നിത്യജീവനാകുന്നു.

7. **അത്ഭുതം പ്രവർത്തിക്കുവാനുള്ള അധികാരവും ക്രിസ്തുവിനുണ്ട്. അ. പ്ര: 10:38.** യേശു അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. രോഗികളെ സൗഖ്യമാക്കി. മരിച്ചവരെയും ജീവിപ്പിച്ചു. "നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തും ദൈവം അവനോടു കൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്ത് പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചതുമായ വിവരം നിങ്ങൾ അറിയുന്നുവല്ലോ." ഈ അധികാരങ്ങൾ പിതാവായ ദൈവത്തിൽനിന്ന് കിട്ടിയതാണ്.

# മലങ്കര കത്തോലിക്കാ സഭ: പുതിയ ബിഷപ്പുമാർ അഭിഷിക്തരായി

**അ**ടൂർ: മലങ്കര കത്തോലിക്കാ സഭയ്ക്കുവേണ്ടി രണ്ടു പുതിയ ബിഷപ്പുമാരെക്കൂടി അഭിഷേകം ചെയ്തു. ഡോ.ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ.യൂഹാനോൻ മാർ തിയഡോഷ്യസ് എന്നിവരെയാണ് സഭാ പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് മെത്രാൻമാരായി വാഴിച്ചത്. മാർ മക്കാറിയോസിനെ കർണാടക സൗത്ത് കാനറ പുത്തൂർ ബിഷപ്പായാണ് നിയമിച്ചത്. മാർ തിയഡോഷ്യസ് പട്ടം കാതോലിക്കറ്റ് സെന്ററിലെ കൂരിയ ബിഷപ്പും യൂറോപ്പ്, ഓഷ്യാന അപ്പോസ്തോലിക് വിസിറ്ററുമാകും.

ഡോ. ഗീവർഗീസ് കാലായിൽ റമ്പാനെയാണ് മാർ മക്കാറിയോസ് എന്നു നാമകരണം ചെയ്തത്. ഡോ. യൂഹാനോൻ കൊച്ചുതുണ്ടിൽ റമ്പാനെ മാർ തിയഡോഷ്യസ് എന്നും. റാന്നിയിൽ നിന്നു പുത്തൂരിൽ കുടിയേറിയതാണ് മാർ മക്കാറിയോസിന്റെ മുൻ ഗാമികൾ. മാർ തിയഡോഷ്യസ് അടൂർ പുതുശ്ശേരിഭാഗം ഇടവകാംഗമാണ്.

കിഴക്കൊക്കെയുടെയും കാതോലിക്കാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് ബാവായുടെ മുഖ്യ കാർമ്മികത്വത്തിലായിരുന്നു ചടങ്ങുകൾ. അന്ത്യോഖ്യൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവായും സഭയിലെ മറ്റു ബിഷപ്പുമാരും സഹകാർമ്മികരായി. വിവിധ മേഖലകളിലെ ഒട്ടേറെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

രാവിലെ എട്ടിനാണ് ചടങ്ങുകൾ ആരംഭിച്ചത്. കുർബ്ബാനയ്ക്കു ശേഷമായിരിന്നു മെത്രാഭിഷേകം. ആദ്യം പുതിയ മെത്രാൻമാരുടെ നിയമന കൽപന വായിക്കുകയും സ്ഥാനപ്പേരുകൾ പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് നിയുക്ത മെത്രാൻമാരെ മദ്ബഹയിലേക്ക് ആനയിച്ചു. ഇരുവരും സത്യപ്രതിജ്ഞ ചെയ്ത് വിശ്വാസ പ്രഖ്യാപനം നടത്തിയശേഷം ഒപ്പുവച്ച സത്യപ്രസ്താവന കാതോലിക്കാബാവായെ ഏൽപിച്ചു ത്രോണോസിനു മുന്നിൽ മുട്ടുകുത്തി ഇതോടെ മെത്രാഭിഷേകത്തിന്റെ ആദ്യഘട്ടം പൂർത്തിയായി.

പ്രാർത്ഥനാ ഗീതം മുഴങ്ങിയതിനൊപ്പം അഭിഷേകത്തിന്റെ പ്രധാന ഭാഗമായ കൈവയ്പ്പ് നിർവഹിച്ചു. തുടർന്ന് കാതോലിക്കാ ബാവാ പുതിയ മെത്രാൻമാർക്കു സ്ഥാന വസ്ത്രങ്ങൾ നൽകി. പുതിയ മെത്രാന്മാരെ സിംഹാസനത്തിലിരുത്തി ഓക്സിയോസ് (ഇവൻ യോഗ്യനാകുന്നു എന്നർഥമുള്ള ഗ്രീക്ക് പദം) ചൊല്ലി മൂന്നു തവണ ഉയർത്തി. ഒപ്പം ഇരുവരുടെയും പുതിയ നാമങ്ങൾ പ്രഖ്യാപിച്ചു.

പുതിയ മെത്രാൻന്മാർ സിംഹാസനത്തിലിരുന്ന് യോഹന്നാന്റെ സുവിശേഷം വായിച്ചു. 'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിക്കക്കും.

അധികാര ചിഹ്നമായ അംശവടി നൽകുന്ന ചടങ്ങായിരുന്നു അടുത്തത്. അതിനുശേഷം മുഖ്യകാർമ്മികനായ കാതോലിക്കാ ബാവ നവാഭിഷിക്തർക്കു രഹസ്യോപദേശം നൽകി. അവർ അംശവടി ഉയർത്തി ജനത്തെ ആശീർവദിച്ചതോടെ ചടങ്ങുകൾ പൂർത്തിയായി.

വിവിധ സഭകളിൽ നിന്നെത്തിയ മേൽപ്പട്ടക്കാർ പുതിയ മെത്രാൻന്മാർക്കു സ്നേഹചുംബനം നൽകി. ഗീവർഗീസ് മാർ മക്കാറിയോസ് കുർബ്ബാനയുടെ ബാക്കി ഭാഗം പൂർത്തിയാക്കി.



*മലങ്കര കത്തോലിക്കാ സഭ പുനരൈക്യ വാർഷികത്തോട് അനുബന്ധിച്ച് അടൂരിൽ നടന്ന മെത്രാഭിഷേകത്തിനു ശേഷം അന്ത്യോഖ്യാൻ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവാ, മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ, പുതിയ ബിഷപ്പുമാരായ ഡോ.ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് എന്നിവർ ആശീർവാദം നൽകുന്നു.*



*നവാഭിഷിക്തരായ ബിഷപ്പുമാരെടൊപ്പം സഭയിലെ മെത്രാച്ചന്മാരും കാതോലിക്കാ ബാവായും പാത്രിയർക്കീസ് ബാവയും വിശ്വാസികളെ ആശീർവദിക്കുന്നു.*



*പൗരസ്ത്യ കാതോലിക്കായും മലങ്കര കത്തോലിക്ക സഭയുടെതലവനുമായ കർദിനാൾ മോറാർ മോർ ബസേലിയോസ് ക്ലീമിസ് ബാവയും അന്ത്യോഖ്യൻ സുറിയാനി കത്തോലിക്ക പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യൂസഫ് യൗനാൻ ബാവായും മെത്രാൻ അഭിഷേക ചടങ്ങിൽ ആശയവിനിമയം നടത്തുന്നു.*



*മെത്രാൻ അഭിഷേകത്തിന്റെ ഒരു ദൃശ്യം*



*നവാഭിഷിക്തരായ മെത്രാന്മാർ മോറാൻ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായ്ക്കും അന്ത്യോഖ്യൻ കത്തോലിക്കാ പാത്രിയർക്കീസിനും ഒപ്പം*

## വിശുദ്ധ യൂദാശ്ലീഹായുടെ വലിയ പെരുന്നാൾ

അമന്നൂർ: പരമ ഭക്തനും അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനുമായ വി. യൂദാ തദ്ദേവൂസിന്റെ പെരുന്നാൾ പതിവുപോലെ നവംബർ 25,26 തീയതികളിൽ പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുന്നു. നാനാജാതി മതസ്ഥർ ഒരുമിച്ച് ആഘോഷിക്കുന്ന ഈ പെരുന്നാളിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് കർത്യനാമത്തിൽ അറിയിക്കുന്നു.

"പ്രാർത്ഥിക്കുന്ന അധരങ്ങളെക്കാൾ ശുശ്രൂഷിയ്ക്കുന്ന കരങ്ങൾക്കാണു ഏറെ വിശുദ്ധി"

Published on 5th OCTOBER 2017

"REGISTERED"
RNI No. KERMAL / 2005 / 16477
REG No. KL / KTM /119/ 2017-2019



# 58 ആവർത്തിക്കില്ല: ശ്രേഷ്ഠ കാതോലിക്ക ബാവ

1958-ൽ ഉണ്ടായതുപോലുള്ള സമാധാനം ഇനിയും ആവർത്തിക്കില്ലെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പറഞ്ഞു.



വിശ്വാസികളാണ് സഭയുടെ ശക്തി. അവർ അർപ്പിക്കുന്ന വിശ്വാസം പൂർണ്ണമായും നിറവേറ്റുവാൻ സഭയ്ക്കുത്തരവാദിത്വം ഉണ്ട്. വിശ്വാസികളുടെ പങ്കാളിത്തത്തോടുള്ള ചർച്ചകൾ മാത്രമേ ഉണ്ടാകൂ. സമാധാനം കെട്ടിയിറക്കിയാൽ അത് വിജയിക്കില്ല. കഴിഞ്ഞ നൂറ് വർഷത്തെ ചരിത്രത്തിൽ ഏഴു വർഷം മാത്രമാണ് ഒരുമിച്ച് സന്തോഷത്തോടെ പോകുവാൻ സാധിച്ചത്. യാക്കോബായ സഭയുടെ അദ്ധ്വാനം മുഴുവൻ മറുവശം ഈ ചെറിയ കാലഘട്ടംകൊണ്ട് കൈക്കലാക്കി. ഇനിയും അത് ആവർത്തിക്കില്ല.

യാഥാർത്ഥ്യബോധം ഉൾക്കൊണ്ട് പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ ആണ് നടക്കേണ്ടത്. അതിന് മറുപക്ഷം തയ്യാറായെങ്കിൽ മാത്രമേ സഭയിൽ സമാധാനം ഉണ്ടാകൂ. യാക്കോബായ സഭ വിട്ടുവീഴ്ചയ്ക്ക് തയ്യാറാണ്. എക്കാലവും സഭ അങ്ങനെയാണ് പ്രവർത്തിച്ചിട്ടുള്ളത്. ഇനിയും അങ്ങനെ തന്നെയായിരിക്കും നിന്ദയും പരിഹാസവും ഒന്നുംതന്നെ തളർത്തുന്നില്ല. പ്രാർത്ഥനയും കഠിനാദ്ധ്വാനവുമാണ് ഇന്നത്തെ നിലയിൽ സഭയെ എത്തിച്ചത്. ദൈവാശ്രയം മാത്രമാണ് എന്റെ ശക്തി. ദൈവത്തിലാശ്രയിച്ച് ഇനിയും മുൻപോട്ടു പോകും. നിന്ദിച്ചവർ പിന്നോട്ട് പോയ കാഴ്ചയാണ് നാം കണ്ടിട്ടുള്ളത്.

യാക്കോബായ സഭയെ ഇന്നത്തെ നിലയിൽ വളർത്തിയത് തന്റെ കഴിവുകൊണ്ട് മാത്രമല്ല. കൂട്ടായ പ്രവർത്തനങ്ങളുടെ വിജയമാണ്. സഭ ഇന്നത്തെ നിലയിൽ എത്തുന്നതിന് കഠിനാദ്ധ്വാനം ചെയ്ത അനേകരുണ്ട്. സഭയുടെ സത്യവിശ്വാസം നിലനിർത്തുന്നതിന് വിശ്വാസികളും വൈദികരും സഹിച്ച ത്യാഗങ്ങൾ വിസ്മരിക്കാനാവില്ല.

കഷ്ടപ്പാടിലും വേദനയിലും വളർന്ന് വലുതായ ഈ സഭയെ ഇനിയും ആർക്കും അടിയറ വെയ്ക്കില്ല. പ്രതിസന്ധികളും പരീക്ഷണങ്ങളും ഇതാദ്യമല്ല. കഴിഞ്ഞ കാലത്തെപ്പോലെ നാം ഒത്തൊരുമിച്ച് നിന്ന് എല്ലാ പ്രതിസന്ധികളെയും നേരിടും. കഴിഞ്ഞ 89 വർഷക്കാലം ദൈവം എന്നെ അത്ഭുതകരമായി വഴിനടത്തി. പ്രായത്തിന്റെ പ്രയാസങ്ങൾ ഒക്കെയുണ്ടെങ്കിലും അത് തന്നെ തളർത്തുന്നില്ല. എന്റെ മക്കൾക്ക് എവിടെ പ്രതിസന്ധിയുണ്ടായാലും ഞാൻ അവിടെ ഓടിയെത്തും. സഭയുടെ ഒരു തുണ്ടു ഭൂമിപോലും അന്യായപ്പെടുത്തുവാൻ അനുവദിക്കില്ല. പള്ളികളുടെയും വിശ്വാസികളുടെയും സംരക്ഷണ ചുമതല സഭയുടെ ഉത്തരവാദിത്വമാണ്. അത് നിറവേറ്റുക തന്നെ ചെയ്യും. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ പൂർണ്ണവിശ്വാസം ഉണ്ട്. നീതി നിഷേധത്തിന് അവർ കൂട്ടുനിൽക്കില്ല. ജനങ്ങളുടെ ജീവിക്കാനുള്ള അവകാശവും വിശ്വാസം നിലനിർത്തുവാനുള്ള അവകാശവും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരുകൾക്കുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അവർ നല്ല മാതൃകകൾ കാട്ടിത്തന്നിട്ടുണ്ട്. അത് വീണ്ടും നിർവ്വഹിക്കുമെന്ന് ഉറപ്പാണ്.പരിശുദ്ധ അന്ത്യോഖ്യ സിംഹാസനം ആണ് സഭയുടെ ശിരസ്സ്. അവിടുന്ന് ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളും നൽവരങ്ങളും ഒരിക്കലും മറക്കുവാൻ സാദ്ധ്യമല്ല. പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൻ കീഴിൽ നിന്ന് ലഭിച്ച പൗരോഹിത്യ പിന്തുടർച്ചയാണ് ഇരുസഭകളുടേതും. അവർ അത് നിഷേധിക്കുമെന്ന് തോന്നുന്നില്ല. അന്ത്യോഖ്യ മലങ്കര ബന്ധം ഇല്ലാതാക്കാൻ ആർക്കുമാവില്ല. ജീവിതാവസാനം വരെ സത്യവിശ്വാസം നിലനിർത്തുവാനുള്ള പോരോട്ടത്തിൽ താനുണ്ടാകും.

യാക്കോബായ സഭയ്ക്കെതിരെ നടത്തുന്ന വ്യാജ പ്രചരണങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. സഭയെ തകർക്കുവാൻ ചില ഛിദ്രശക്തികൾ പ്രവർത്തിക്കുന്നുണ്ട്. അവരുടെ ശ്രമങ്ങൾ പരാജയപ്പെട്ട ചരിത്രമേയുള്ളൂ. സത്യത്തിൽ മുറുകെ പിടിച്ച് നീതിയിലുറച്ച് ദൈവത്തിലാശ്രയിച്ച് ഈ സഭ മുന്നോട്ടു പോകും. പ്രതിസന്ധികൾ കഠിനമേറിയതാകാം. അത് നമ്മെ തളർത്തില്ല. കൂടുതൽ വളർത്തുകയേ ഉള്ളൂ. ലോകത്തിന്റെ മോഹങ്ങളിൽ ആശ്രയിക്കാതെ ദൈവത്തിൽ സമർപ്പിച്ച് മുന്നോട്ടുപോകാം.

# ഏകസ്വരത അടിച്ചേൽപിക്കാനുള്ള ശ്രമം ചെറുക്കും: ക്ലീമ്മീസ് കാതോലിക്ക ബാവാ

### പുനരൈക്യ വാർഷികം അടുത്ത വർഷം മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ



**അ**ടൂർ: ബഹുസ്വരതയ്ക്കുമേൽ ഏകസ്വരത അടിച്ചേൽപിക്കാനുള്ള ശ്രമത്തെ ചെറുക്കുമെന്ന് **കിഴക്കിന്റെ കാതോലിക്കാ** കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് ബാവാ പ്രഖ്യാപിച്ചു.

ഗാന്ധിമാർഗത്തിൽ ഊന്നി ഭരണഘടനയെ വിശുദ്ധ പുസ്തകത്തോട് ചേർത്തുനിർത്തി അടിച്ചമർത്തൽ ശ്രമങ്ങൾ എതിർക്കും. പുനരൈക്യ വാർഷികത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മഹത്തായ ഭാരത സംസ്കാരത്തിന്റെ അവകാശികളാണ് എല്ലാവരും. വിവിധ ഭാഷകൾ, സംസ്കാരങ്ങൾ ഒക്കെ ഇഴചേരുന്നതാണ് ഭാരത സംസ്കാരം. അഭയാർത്ഥികൾ ഏതു മതത്തിലും ജാതിയിലും പെട്ടവരായാലും അവരെ തിരസ്കരിക്കരുത്.

അവർ അഭയാർഥികളായ സാഹചര്യത്തോടു മുഖം തിരിക്കരുത്. മധ്യപൂർവദേശത്ത് ദുരിതമനുഭവിക്കുന്ന ജനങ്ങളോട് മലങ്കര സഭാ സമൂഹവും ചേർന്നു നിൽക്കുന്നു. ആ കരുതലിന്റെ ഭാഗമായി ഒരു ലക്ഷം ഡോളർ (ഏകദേശം 65 ലക്ഷം രൂപ) സഭ നൽകുന്നതായും ബാവാ പറഞ്ഞു.

മലങ്കര കത്തോലിക്കാ സഭ പുനരൈക്യ വാർഷികം അടുത്ത വർഷം മൂവാറ്റുപുഴ രൂപതയുടെ നേതൃത്വത്തിൽ നടത്തും. വാർഷികദിനാഘോഷ സമാപന വേദിയിൽ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായാണ് ഇതു പ്രഖ്യാപിച്ചത്.

# നഗരം വൃത്തിയാക്കാൻ കാതോലിക്കാബാവായും

**അ**ടൂർ : മലങ്കര കത്തോലിക്കാ സഭാധ്യക്ഷനും നവാഭിഷിക്തനായ ബിഷപ്പും സഭയിലെ മറ്റ് ബിഷപ്പുമാരും നഗരം വൃത്തിയാക്കാൻ ഇറങ്ങിയപ്പോൾ അടൂരിന് അത് കൗതുക കാഴ്ചയായി. പുനരൈക്യ വാർഷിക ആഘോഷങ്ങൾ ഹരിത ചട്ടം അനുസരിച്ച് നടത്തുമെന്ന് മോറാൻ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് ആഘോഷങ്ങൾ തുടങ്ങും മുൻപും അവസാനിച്ചപ്പോഴും നഗരം വൃത്തിയാക്കാൻ തീരുമാനിച്ചത്.

ഇതനുസരിച്ചാണ് ആഘോഷം സമാപിച്ച ദിവസവും കാതോലിക്കാബാവായുടെ നേതൃത്വത്തിൽ നഗര ശുചീകരണത്തിന് ഇറങ്ങിയത്. നവാഭിഷിക്തനായ ഡോ. യൂഹാനോൻ മാർ തിയഡോഷ്യസും ആവേശത്തോടെ രംഗത്തിറങ്ങി.

പുനരൈക്യ വാർഷികത്തിന് ഹരിതചട്ടം നടപ്പാക്കിയതിന്റെ ഭാഗമായി പ്ലാസ്റ്റിക് ബാഗുകളോ കുപ്പികളോ യോഗസ്ഥലത്ത് അനുവദിച്ചില്ല. സ്റ്റീൽ ഗ്ലാസ്സുകളിലാണ് വെള്ളം വിതരണം ചെയ്തത്. ഫെഡറൽ ബാങ്കുമായി സഹകരിച്ച് എല്ലാവർക്കും ഗോ ഗ്രീൻ തുണിസഞ്ചികളും വിതരണം ചെയ്തു.

# കേന്ദ്ര മന്ത്രി അൽഫോൻസ് കണ്ണന്താനം ആർച്ച് ബിഷപ്പ് മാർ പെരുന്തോട്ടത്തെ സന്ദർശിച്ചു

**ച**ങ്ങനാശേരി : കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം ചങ്ങനാശേരി അരമനയിലെത്തി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തെ സന്ദർശിച്ചു. രാവിലെ ഒമ്പതോടുകൂടി ബിഷപ് ഹൗസിൽ എത്തിയ അൽഫോൻസ് കണ്ണന്താനം പ്രഭാതഭക്ഷണത്തിനുശേഷമാണ് മടങ്ങിയത്.

കേന്ദ്രമന്ത്രിയായി അധികാരമേറ്റതിനു ശേഷം ചങ്ങനാശേരി അരമനയിൽ എത്തിയ മന്ത്രിയോടൊപ്പം പത്നി ഷീല, ബിനു കണ്ണന്താനം, നോബിൾ മാത്യു, റോയ് മാത്യു ചിറമേൽ, എം. എ. ദേവസ്യ മുളവന തുടങ്ങിവരും ഉണ്ടായിരുന്നു.



*കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം, ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, റോയ് മാത്യു ചിറമേൽ, ഷീല അൽഫോൻസാ, ബിനു കണ്ണന്താനം തുടങ്ങിയവർ*

**ആരോഗ്യം**

# ഇത് ഒന്നും ഉപയോഗിച്ച് രോഗം വരുത്തി വെയ്ക്കരുത്

**Com: Prof:Pennamma Ranadive, Ex. CMC, Ludhiana**

അമേരിക്കയിലുള്ള ഇൻഡോ അമേരിക്കൻ ഹോസ്പിറ്റലിലെ ഡോക്ടർ അൻജലി മാത്തൂർ, ചെയർപേഴ്സൺ ആയിട്ടുള്ള ഹോസ്പിറ്റലിലെ ഒരു കൂട്ടം ഡോക്ടർമാരാണ് ഇത് സമൂഹനന്മയെ ഓർത്തു പബ്ലീഷ് ചെയ്തത്.

1. Appy Fizz കുടിക്കരുത്. ഇതിൽ കാൻസർ ഉണ്ടാകുവാനുള്ള ധാരാളം വസ്തുക്കൾ ഉണ്ട്
2. പെപ്സി, കോള മുതലായ കുടിക്കുന്നതിനു മുമ്പോ അതിനുശേഷമോ മെന്റ്റോസ് (Mentos) കഴിക്കരുത്. പെട്ടന്നുള്ള മരണത്തിനു കാരണമായ സൈനേസ് ഉൽപാദിപ്പിക്കാം.
3. കുർകുറെ (Kurkure) കഴിക്കരുത്. കാരണം ഇതിൽ വലിയ തോതിൽ പ്ലാസ്റ്റിക് ചേർത്തിട്ടുണ്ട്. വിശ്വാസം വരുന്നില്ലെങ്കിൽ കുർകുറെ ഒന്നു കത്തിച്ചു നോക്കുക. പ്ലാസ്റ്റിക് ഉരുകി വീഴുന്നതു കാണാം.
4. താഴെ പറയുന്ന ഗുളികൾ യാതൊരു കാരണവശാലും ഉപയോഗിക്കരുത്. വളരെ അപകടകാരികളാണ്. D-Cold, Vicks Action -500, Actifed, Codarin, Cosome, Nice, Nimulid, Certizet-D. ഇവകളിൽ അടങ്ങിയിരിക്കുന്ന Phynyl, Propanol - Amide PPP തുടങ്ങിയവ സ്ട്രോക്ക് ഉണ്ടാക്കുവാൻ കാരണമാണ്. ഇവയെല്ലാം അമേരിക്കയിൽ ബാൻ ചെയ്തിട്ടുള്ളതാണ്. വേറൊരു ഡോക്ടർ ഒരു പുതിയതരം ക്യാൻസർ കണ്ടുപിടിച്ചു. സിൽവർ നൈട്രോ ഓക്സൈഡുമൂലം മനുഷ്യരിൽ ഉണ്ടാകുന്നതാണീ ക്യാൻസർ. ഓർക്കുക; നിങ്ങൾ റീചാർജ് കാർഡ് വാങ്ങുമ്പോൾ നഖംകൊണ്ട് അത് ചുരണ്ടരുത്. അതിൽ സിൽവർ നൈട്രോഓക്സൈഡ് കോട്ടിങ്ങ് ഉണ്ട്. ഇത് ശരീരത്തിൽ (തൊലിയിൽ) ക്യാൻസർ ഉണ്ടാകാൻ കാരണമാകും.

# ചില വസ്തുതകൾ പ്രത്യേകിച്ച് ശ്രദ്ധിക്കുക:

1. ഫോൺ വിളി വരുമ്പോൾ ഇടത്തെ ചെവിയിൽവെച്ചു കേൾക്കുക.
2. തണുത്ത വെള്ളം മരുന്ന് കഴിക്കുവാൻ ഉപയോഗിക്കരുത്.
3. വൈകിട്ട് 5 മണി കഴിഞ്ഞാൽ വലിയ രീതിയിൽ ഭക്ഷണം കഴിക്കരുത് (heavy meals).
4. അതിരാവിലെ കൂടുതൽ വെള്ളം കുടിക്കുക; രാത്രിയിൽ വളരെകുറച്ച് മാത്രം.
5. ഉറങ്ങുവാൻ ഏറ്റവും നല്ല സമയം രാത്രി 10 മണി മുതൽ രാവിലെ 4 വരെയാണ്.
6. ആഹാരത്തിനുശേഷമോ മരുന്നു കഴിച്ചതിനുശേഷമോ പെട്ടെന്ന് കിടക്കരുത്.
7. ഫോൺ ബാറ്ററി ലവൽ ഏറ്റവും അവസാനത്തെ ബാറിൽ ആണെങ്കിൽ ഫോൺ അറ്റൻഡ് ചെയ്യുകയോ ഫോൺ വിളിക്കുകയോ ചെയ്യരുത്. കാരണം അതിന്റെ റേഡിയേഷൻ സാധാരണ ഉള്ളതിന്റെ 1000 ഇരട്ടിയിലധികമാണ്.
8. പ്ലാസ്റ്റിക് കപ്പിൽ ചായ കുടിക്കരുത്. പോളിത്തീൻ പേപ്പറിൽ വരുന്ന ആഹാരം കഴിക്കരുത്. പ്ലാസ്റ്റിക് ചൂടുമായി റിയാക്റ്റ് ചെയ്യുന്നു. ഇത് 52 വിധത്തിലുള്ള ക്യാൻസർ ഉണ്ടാക്കുന്നു.

*Printed, Published and owned by* Fr. Dr. C. G. Mathews, St. Jude Dayara, St. Jude Jn., Amayannoor. *Published from* St. Jude Dayara, Amayannoor P. O., Kottayam, *686019 and Printed at* Sonia Offset Printers. Ayarkunnam, Kottayam, *686564. Editor:-* Fr. Dr. C. G. Mathews